സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഫീസേഴ്സ് & സർവ്വന്റ്സ് സർവ്വീസ് റൂൾസ് - ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക - യോഗ്യതയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7373/22/Est-I** നന്തൻകോട്, **30/06/2023**

---

പരാമർശം ഃ- 1) ദേവസ്വം കമ്മീഷണറുടെ 17-04-2023 ലെ ROC 13290/22/Est-A(iv) നമ്പർ റിപ്പോർട്ട്.
2) അസിസ്റ്റന്റ് ലാ ആഫീസറുടെ 25-05-2023 ലെ റിമാർക്സ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഫീസേഴ്സ് & സർവ്വന്റ്സ് സർവ്വീസ് റൂൾസ് 2022 ൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിന് ചുവടെ വിവരിക്കുന്ന യോഗ്യതകൾ നിഷ്കർഷിച്ചിരുന്നു.

(i) Pass in Plus two or its equivalent.
(ii) Proficiency in Word Processing with a minimum speed of typing 40 words per minute.

Experience : - Two year experience in Data Entry Operation from a reputed Institution.

ടി തസ്തികയിലെ 50 ശതമാനം ഒഴിവിൽ ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിനും ടി റൂളിൽ വയവസ്ഥ ചെയ്തിട്ടുണ്ട്.

ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിന് ലഭിച്ച അപേക്ഷകരുടെ വേർഡ് പ്രോസസിംഗ് പ്രാവീണ്യം ഐ.റ്റി. ഡിവിഷൻ മുഖേന പരിശോധിച്ചതിൽ ആരും തന്നെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുളള യോഗ്യത നേടിയിട്ടില്ലെന്ന് വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം (1) റിപ്പോർട്ട് ലഭിച്ചു.

ടി തസ്തികയുടെ യോഗ്യത സംബന്ധിച്ച് പ്രസ്സ് അസിസ്റ്റന്റ് മാനേജരുടെ റിപ്പോർട്ടിൽ ഡി.റ്റി.പി. വർക്ക് ചെയ്യുന്നതിന് അത്യാവശ്യം വേണ്ട യോഗ്യത സ്പെഷ്യൽ റൂളിൽ പരാമർശിച്ചിട്ടില്ലെന്നും പ്രിന്റിംഗ് & പബ്ലിഷിംഗ്

(മറുപുറം)

വർക്ക് ചെയ്യുമ്പോൾ ടൈപ്പിസ്റ്റ് സ്പീഡിന് ഉപരിയായി പേജ് ഡിസൈനിംഗ് പേജ് സെറ്റിംഗ്, പഞ്ചാംഗം, ഡേറ്റ് കലണ്ടർ, പലതരത്തിലുളള രസീതുകൾ എന്നിവയ്ക്കാവശ്യമായ ചെറുതും വലുതുമായ ടൈപ്പുകൾ ഉപയോഗിക്കുന്നത് എന്നീ വർക്കുകൾക്കായി ഡി.റ്റി.പി. കോഴ്സ് പാസ്സായിരിക്കേണ്ടതാണെന്നും വിവരിച്ചിട്ടുളളത് പരിശോധിച്ചതിൽ സ്പെഷ്യൽ റൂളിൽ ഡി.റ്റി.പി. തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുളള യോഗ്യതയിൽ മാറ്റം വരുത്തുന്നത് ഉചിതമാണെന്ന് കാണുന്നുവെന്നും ഇക്കാര്യത്തിൽ ലാ ആഫീസറുടെ അഭിപ്രായം കൂടി ലഭ്യമാക്കി ഉത്തരവുണ്ടാകണമെന്നും ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ നിയമ വിഭാഗത്തിന്റെ റിമാർക്സ് ലഭ്യമാക്കിയതിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികയ്ക്ക് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുളള യോഗ്യത പര്യാപ്തമല്ല എന്ന അഭിപ്രായമുണ്ടെങ്കിൽ ആയതിൽ ആവശ്യമായ മാറ്റം തീരുമാനിച്ചശേഷം റൂളിൽ ഭേദഗതി വരുത്താവുന്നതായി അസിസ്റ്റന്റ് ലാ ആഫീസർ അഭിപ്രായപ്പെട്ടു (പരാമർശം -2).

ഈ വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഫീസേഴ്സ് & സർവ്വന്റ്സ് സർവ്വീസ് റൂൾസ് 2022 ൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുളള യോഗ്യതയായ ‘Proficiency in Word Processing with a minimum speed of typing 40 words per minute’ എന്നത് ഒഴിവാക്കുകയും പകരം ‘DTP Certificate from a recognized institution’ എന്നത് ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഫീസേഴ്സ് & സർവ്വന്റ്സ് സർവ്വീസ് റൂൾസ് 2022 ൽ മേൽപ്രകാരമുളള ഭേദഗതി വരുത്തി കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
( ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-
1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും IT division
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി